Malappuram District Police

## 08.07.2017 ചങ്ങരംകുളം

വ്യാപാര സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കൊറിയർ തട്ടിപ്പ് നടത്തുന്ന പ്രതിയെ ചങ്ങരംകുളം പോലിസ് അറസ്റ്റ് ചെയ്തു. മലപ്പുറം എടപ്പാൾ മൂതൂർ കൊട്ടിലിങ്ങൽ ഇർഷാദ് (26) ആണ് ബംഗളൂരുവിൽ പോലിസ് പിടിയിലായത്. പരിചയക്കാരെന്ന വ്യാജേന തിരക്കേറിയ കച്ചവടസ്ഥാപനങ്ങളിൽ വിളിച്ച് കൊറിയർ വാങ്ങി പണംകൊടുക്കണമെന്നും അൽപസമയത്തിനകം താൻ വന്ന് വാങ്ങിക്കുമെന്നും പറഞ്ഞു തട്ടിപ്പ് നടത്തുന്ന സംഘത്തെ കുറിച്ച് ചങ്ങരംകുളം പോലിസിൽ പരാതി ലഭിച്ചിരുന്നു. അന്വേഷണത്തിൽ നടുവട്ടത്തും മലപ്പുറത്തും സമാനമായ സംഭവങ്ങൾ നടന്നതായി വിവരം ലഭിച്ചു. കഴിഞ്ഞമാസം ആറിന് ചങ്ങരംകുളത്തെ തിരക്കേറിയ പലചരക്ക് കടയിൽ സ്ഥിരം കസ്റ്റമർ മൂക്കുതലയിലെ മൂസ ഹാജിയാണെന്നും ഒരാൾ കൊറിയറുമായി ഷോപ്പിൽ വന്നിട്ടുണ്ടെന്നും 3700 രൂപ കൊടുത്ത് അത് വാങ്ങിക്കണമെന്നും അൽപ സമയത്തിനകം താനെത്തുമെന്നും പറഞ്ഞു. ഈ സമയം പരിചയമില്ലാത്ത ഒരാൾ ഷോപ്പിൽ കൊറിയർ പാക്കറ്റ് കൊടുത്ത് പണം വാങ്ങി മുങ്ങുകയുമായിരുന്നു.